പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1809 **26-10-2026-ൽ മറുപടിയ്ക്ക്**

പി.എസ്.സി. തീരുമാനങ്ങളും നിയമോപദേശങ്ങളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. തോമസ് ഉണ്ണിയാടൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) പി.എസ്.സി.യിൽ നിന്ന് വിരമിച്ച ജോൺസൺ ജി.യുടെ സർവീസ് സീനിയോരിറ്റി പൂർണമായി പുനഃസ്ഥാപിച്ചു നൽകാൻ പി.എസ്.സി. തീരുമാനിച്ചിരുന്നോ; എങ്കിൽ പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും അവർക്കെതിരെ സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

(ബി) പി.എസ്.സി. എടുക്കുന്ന തീരുമാനങ്ങളുടെ പ്രൊസീഡിംഗ്സ് ഇറക്കുന്നതിനുപകരം തീരുമാനങ്ങളെ ചോദ്യം ചെയ്ത് നോട്ട് എഴുതുന്ന ഉദ്യോഗസ്ഥർക്ക് എതിരെ എന്തൊക്കെ ശിക്ഷാ നടപടികളാണ് നിലവിൽ സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) മേൽപ്പറഞ്ഞത് പ്രകാരം ഉദ്യോഗസ്ഥർ എഴുതിയ നോട്ട് പരിഗണിച്ച ലീഗൽ റീട്ടെയ്നറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പി.എസ്.സി. എടുക്കുന്ന തീരുമാനങ്ങൾ മാറ്റുന്നതിനോ നടപ്പാക്കാതിരിക്കുന്നതിനോ വ്യവസ്ഥ ചെയ്യുന്ന ചട്ടം നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) പി.എസ്.സി.യുടെ ലീഗൽ റീട്ടെയ്നർ നൽകുന്ന നിയമോപദേശങ്ങൾ പലതും കോടതി വിധിയുടെ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ,ജോൺസൺ ജി.യുടേത് ഉൾപ്പെടെയുള്ള കേസുകളിൽ നിയമ വിരുദ്ധ നടപടികൾ സ്വീകരിച്ച ലീഗൽ റീട്ടെയ്നറെ സർവ്വീസിൽ നിന്നും മാറ്റി നിർത്താൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ